"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി അനുസുചിത് ജാതി അഭ്യുദയ് യോജനയുടെ (PM-AJAY) ഘടക പദ്ധതിയായ "ആദർശ് ഗ്രാം" പദ്ധതിയ്ക്ക് 2023-24 സാമ്പത്തികവർഷം ലഭിച്ച കേന്ദ്രസഹായം എസ്.എൻ.എ അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകി - ഉത്തരവാകുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.237/2024/SCSTD തീയതി,തിരുവനന്തപുരം, 22-03-2024

---

പരാമർശം:- 1. ജി.ഒ.(പി) നം.38/2022/ഫിൻ തീയതി 26.03.2022

2. സാമൂഹ്യ നീതിയും ശാക്തീകരവും മന്ത്രാലയത്തിന്റെ 16.02.2024 തീയതിയിലെ 16015/25/2018-CC നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി അനുസുചിത് ജാതി അഭ്യുദയ് യോജന(PM-AJAY)യുടെ ആദർശ് ഗ്രാമം ഘടകത്തിൻ കീഴിൽ 2018-19 മുതൽ 2022-23 വരെ കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ (40% പട്ടികജാതി വിഭാഗങ്ങൾ എന്ന മാനദണ്ഡപ്രകാരം), 2023-24 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിനായി, 4,98,500/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആദ്യ ഗഡുവായി അനുവദിച്ചതായി പരാമർശം (2) പ്രകാരം സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയം അറിയിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സ്കീം നടപ്പിലാക്കുന്ന സമയത്ത് 'വിടവ് നികത്തൽ( gap-filling)' പ്രവർത്തനങ്ങളും അതുപോലെ തന്നെ ഭരണപരമായ ചിലവുകളും നിർവ്വഹിക്കുന്നതിനാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

2. ഈ സാഹചര്യത്തിൽ, സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയം അനുവദിച്ച 4,98,500/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അഞ്ഞൂറ് രൂപ) മേല്പറഞ്ഞ ആവശ്യങ്ങൾക്ക് വേണ്ടി മാത്രം ചിലവഴിക്കേണ്ടതാണെന്നും, അനുമതി ലഭിച്ച തീയതി മുതൽ

രണ്ട് വർഷത്തിനുള്ളിൽ ഈ ഫണ്ട് വിനിയോഗിക്കേണ്ടതാണെന്നുമുള്ള നിബന്ധനയോടു കൂടി, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, ബാങ്ക് ഓഫ് ബറോഡയുടെ കവടിയാർ ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള 74910100005575 (IFSC BARB0VJCHRI) എന്ന SNA അക്കൗണ്ടിലേക്കു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ2225-01-102-83 ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ്വപ്ന.എം

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

ധനകാര്യ(വെൽഫെയർ വിംഗ്/പ്ലാനിംഗ്-എ) വകുപ്പ്.

വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

കരുതൽഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sreelekha. G.

Date: 22-03-2024 15:23:01

സെക്ഷൻ ഓഫീസർ

പകർപ്പ്: - ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി എസിന്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്